


# SCHOOL PLAN
# GOVT VHSS ETTUMANOOR

# ഗവ. വി.എച്ച്.എസ്.എസ്, ഏറ്റുമാനൂർ

## മാസ്റ്റർ പ്ലാൻ

# ഗവ. വി.എച്ച്.എസ്.എസ്.
# ഏറ്റുമാനൂർ

<u>ആമുഖം</u>

ഏറ്റുമാനൂർ ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്കൂളാണിത്. ചരിത്രപരമായും ഐതിഹ്യപരമായും പ്രാധാന്യമുള്ള ഈ നാടിന്റെ തിലകമാണ് ഈ സ്കൂൾ. ഏഴരപ്പൊന്നാനയുടെ നാട്ടുപെരുമ വിളിച്ചറിയിക്കുന്ന ഈ നാട് ഹിന്ദു മുസ്ലിം ക്രൈസ്തവ സമന്വയത്തിന്റെ ഉത്തമോദാഹരണമാണ്.

<u>ലക്ഷ്യങ്ങൾ</u>

1. കുട്ടികളെ നിശ്ചിതമാസ/വർഷത്തിനകം മികവിന്റെ ഉന്നതിയിൽ എത്തിക്കുക.
2. പിന്നാക്കം നിൽക്കുന്ന വിഷയങ്ങളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി നിശ്ചിത സമയത്തിനുള്ളിൽ കുട്ടികളെ മുന്നിലെത്തിക്കുക.
3. സയൻസിൽ അടിസ്ഥാന അറിവുകൾ മുതൽ വീണ്ടും പകർന്നു കൊടുത്ത് കുട്ടികളെ മുന്നിലെത്തിക്കുക.
4. എല്ലാ വിദ്യാർത്ഥികളെയും ഇംഗ്ലീഷ്, ഹിന്ദി എന്നിവ സംസാരിപ്പിക്കുക.
5. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുക.
6. 5 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠ്യപദ്ധതിയ്ക്കനുസൃതമായി കുട്ടികൾ നേടേണ്ട ശേഷികൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുക.
7. പാർശ്വവൽക്കരിക്കപ്പെട്ടവർക്കു പ്രത്യേക പരിഗണന നൽകിയുള്ള പ്രവർത്തനങ്ങൾ നൽകുക.

<u>സ്കൂൾ ചരിത്രം</u>

ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ദിവാൻ ബഹദൂർ പി. രാജഗോപാൽ 22.05.1914-ൽ സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി. 1915-ൽ ഗേൾസ് മലയാളം മിഡിൽ സ്കൂളായി പ്രവർത്തനമാരംഭിച്ചു. ദിവാനായിരുന്ന മന്നത്ത് കൃഷ്ണൻ നായർ തിരുവിതാംകൂർ ഇംഗ്ലീഷ് മിഡിൽ സ്കൂളിന് തറക്കല്ലിട്ടു. 1945-ൽ ഇംഗ്ലീഷ് മിഡിൽ സ്കൂൾ നാലാം ഫാറം ആരംഭിച്ചുകൊണ്ട് ഹൈസ്കൂൾ പൂർണ്ണമായി. 1947നു ശേഷം സ്കൂൾ മലയാളം മീഡിയമായി മാറി. 1974-ൽ വിദ്യാർത്ഥികളുടെ ആധിക്യത്താൽ സെപ്റ്റംബർ മൂന്നിന് ഗേൾസ് ഹൈസ്കൂളെന്നും ബോയ്സ് ഹൈസ്കൂളെന്നും രണ്ടായി തിരിച്ചു. ഈ സ്കൂൾ ബോയ്സ് ഹൈസ്കൂളായി നിലനിർത്തി. 1990-ൽ

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തിച്ചു തുടങ്ങി. അങ്ങനെ ബോയ്സ് ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി. 2014-ൽ ഹയർ സെക്കണ്ടറി വിഭാഗവും തുടങ്ങി.

<u>നിലവിലെ അവസ്ഥ</u> - അക്കാദമികം - നേട്ടങ്ങൾ

എസ്.എസ്.എൽ.സിക്ക് നൂറുശതമാനം റിസൾട്ട് എല്ലാവർഷവും ലഭിക്കുന്നു. 16(K)Bn NCC യുടെ കീഴിൽ ഈ സ്കൂളിലെ 50 കുട്ടികൾക്ക് ട്രെയിനിംഗ് നൽകുന്നുണ്ട്. പതിനായിരത്തിലധികം പുസ്തകങ്ങളുള്ള ഒരു നല്ല ലൈബ്രറിയുണ്ട്. ലൈബ്രറി, ലാബ് എന്നിവ കുട്ടികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. സ്കൂളുമായി ബന്ധപ്പെട്ട വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു. വർക്ക് എക്സ്പീരിയൻസ് - വുഡ് കാർവിംഗിൽ അഭിജിത്ത് പങ്കെടുത്ത് ഗ്രേഡ് നേടി. സ്പോർട്സ്, ചെസ്, വോളിബോൾ എന്നിവയിൽ പരിശീലനം നൽകുന്നു. ക്രിക്കറ്റ് അണ്ടർ സെവന്റീനിൽ സ്റ്റേറ്റിൽ കാർത്തിക് ഷാജി പങ്കെടുത്തു. പത്താം ക്ലാസ്സു കഴിയുമ്പോൾ എല്ലാ കുട്ടികളും ഭാഷാ പ്രാവീണ്യമുള്ളവരായി മാറാൻ ഹിന്ദി, ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങൾക്ക് അധിക പഠനക്ലാസ്സ് നൽകുന്നു.

<u>നിലവിലെ അവസ്ഥ - പരിമിതികൾ</u>

ഏറ്റുമാനൂർ ടൗണിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. അതിനാൽ ടൗണിന്റെ എല്ലാ ന്യൂനതകളും സ്കൂൾ നേരിടേണ്ടി വരുന്നു. സാമൂഹ്യവിരുദ്ധരുടെ ശല്യം അതിരൂക്ഷമാണ്. ഹൈസ്കൂൾ കെട്ടിടങ്ങളിലാണ് വ്യത്യസ്ത പാഠ്യപദ്ധതികളുള്ള കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. ബോയ്സ് സ്കൂൾ ആണെങ്കിലും ഹയർ സെക്കണ്ടറി വന്നതോടെ പെൺകുട്ടികളും ക്ലാസ്സിലുണ്ടായി. അവർക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങളോ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റോ ഇല്ല.

<u>അടിസ്ഥാന വിവരങ്ങൾ</u>

| | |
|---|---|
| സ്കൂൾ കോഡ് | 31047 |
| വിദ്യാഭ്യാസ ഉപജില്ല | ഏറ്റുമാനൂർ |
| വിദ്യാഭ്യാസ ജില്ല | പാലാ |
| റവന്യൂ ജില്ല | കോട്ടയം |
| ബി.ആർ.സി. | ഏറ്റുമാനൂർ |
| മുൻസിപ്പാലിറ്റി | ഏറ്റുമാനൂർ |
| താലൂക്ക് | കോട്ടയം |
| ഇ-മെയിൽ | boysettumanoor@yahoo.co.in |
| ജില്ല | കോട്ടയം |
| ആകെ കുട്ടികളുടെ എണ്ണം | 19 |

| | |
|---|---|
| പട്ടികജാതി | 2 |
| പട്ടികവർഗ്ഗം | 0 |
| മുസ്ലിം | 2 |
| മറ്റു ന്യൂനപക്ഷ സമുദായം | 10 |
| ഒ.ബി.സി. | 4 |
| ആകെ അദ്ധ്യാപകർ | 9 |
| അനധ്യാപകർ | 4 |
| എച്ച്.എം. | 1 |

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്ത ഗ്രൂപ്പ് നിർണയം
20. ലാപ്ടോപ് ഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

24. ഗവേഷണാത്മക പഠനം

25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27. ചോദ്യപേപ്പർ ശില്പശാല

28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ

29. ജന്മദിന പുസ്തകം

30. ചിത്രരചനാ ക്യാമ്പ്

31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ

32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

## പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം<br>പ്രവർത്തനം 1 - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ് | |
| | 3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ദിവസവും - തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

| ഉപമേഖല: ഇംഗ്ലീഷ്<br>പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ, പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ. | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |
| | 3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| | 4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | 2 മാസത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ – വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

| ഉപമേഖല - മലയാളം<br>പ്രവർത്തനം 1 - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ ക്കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം-1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA 10,00,000/-<br>-<br>-<br>- |

| ഉപമേഖല: | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>ഓരോ ക്ലാസിനും ഓരോ പത്രം.<br>രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | 3 മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ്<br>മലയാളം അധ്യാപകർ | PTA<br>PTA |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ<br>സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ)<br>കവിതാലാപന മത്സരം<br>ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ<br>പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന<br>സാഹിത്യകാരനുമായി സംവദിക്കൽ<br>അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | വർഷത്തിൽ 1 തവണ<br>മാസത്തിൽ 1 തവണ<br>മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ<br>മാസത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ ഒരിക്കൽ | SRG<br>വിദ്യാരംഗം<br>വിദ്യാരംഗം SRG<br>വിദ്യാരംഗം<br>വിദ്യാരംഗം SRG<br>വിദ്യാരംഗം | PTA<br>PTA 15000/- Sponsorship<br>PTA |

| ഉപമേഖല - ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധ ശേഷികളുടെവികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ -മാർച്ച് | SRG | - |

| ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

| ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ<br>പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ 1 തവണ | SS Teachers | -<br>- |

| ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തികം |
| സാമൂഹ്യ ശാസ്ത്ര-നൂതന അറിവുകൾ- കത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | - |

| ഉപമേഖല - പഠനയാത്രകൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തികം |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |

| ഉപമേഖല - സംവാദം, സെമിനാർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തികം |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, 10,000/- PTA |

| ഉപമേഖല - ആരോഗ്യമുള്ള ശരീരം,മനസ്സ് രൂപപ്പെടുത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ. വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1. കരാട്ടെ, തെയ്ക്കോണ്ടോ, കളരിപ്പയറ്റ്, പൂരക്കളി തുടങ്ങിയവയിൽ പരിശീലനം. | ആഴ്ചയിൽ എല്ലാ ദിവസവും വൈകീട്ട് (പ്രവൃത്തി ദിനങ്ങളിൽ) 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |
| | 2.സ്വയം പ്രതിരോധം പെൺകുട്ടികൾക്ക് മേൽപ്പറഞ്ഞ വയിൽ പെൺകുട്ടികൾക്ക് പരിശീലനം (പൂരക്കളി ഒഴികെ) | ആഴ്ചയിൽ പ്രവൃത്തി ദിനങ്ങളിൽ വൈകീട്ട് 4 to 5 മണി 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |

| ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | NMMS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ | - |

| മേഖല - അക്കാദമികം - സാമൂഹികം<br>ഉപമേഖല: CPTA ശക്തിപ്പെടുത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG, ക്ലാസ് ടീച്ചർ | - |

| മേഖല - അക്കാദമികം - സാമൂഹികം<br>ഉപമേഖല: പ്രാദേശിക പി.ടി.എ (കോർണർ പി.ടി.എ) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പ്രാദേശിക പി.ടി.എ. രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തലും | SSLCക്ക് മികച്ച വിജയം നേടുന്നതിന് 10-ാംതരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ.യോഗങ്ങൾ ചേരൽ | വർഷത്തിൽ 3 പ്രാവശ്യം തുടക്കത്തിലും ഡിസംബർ ജനുവരി മാസങ്ങളിലും | PTA, SRG | PTA<br>5000 for Refreshment |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണങ്ങളെ രി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. ശാസ്ത്രലാബ് നവീകരണം ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ |
| 2.പഠന പിന്നോക്കാവസ്ഥ യുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാല യിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

| ഉപമേഖല: പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൾ കൊണ്ട് ജൈവ പന്തലൊരുക്കൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 2.സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | പി.ടി.എ. 2000 |
| 3.ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എസ്.എസ്. | - |
| 4.നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണ സംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോക്ലബ് | - |

| ഉപമേഖല: ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം - അവധിക്കാലത്ത്. | പി.ടി.എ, ഗണിത ടീച്ചർ | 2,00,000/- |
| | 2). ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ -ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ | 2000/- പി.ടി.എ. |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2). ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | - |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | - |

## ഹിന്ദി

### മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | | ഹിന്ദി ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ് |
| | 2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | | |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊണ്ട് ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

## ഉപമേഖല: പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

## ഉപമേഖല: കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവുള്ള വർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | PTA 10,000/- |

## ഉപമേഖല: ORC

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ORC ട്രെയിനിംഗ് സഹവാസ ക്യാമ്പുകൾ | ORC ട്രെയിനിംഗിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിംഗ് ക്ലാസ്സുകളും. | 6 മാസത്തിൽ ഒരിക്കൽ | ORC,Nodel Teacher | 50,000/- സാമൂഹ്യ നീതി വകുപ്പ് |

## ഉപമേഖല: സ്വയം തൊഴിൽ നൈപുണി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി സൗജന്യ തുന്നൽ പരിശീലനം. | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം. 2 വർഷം | സീനിയർ അസിസ്റ്റന്റ് | പി.ടി.എ. 1 വർഷം 40,000/- |

| ഉപമേഖല: കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ<br>എ).ഫുട്ബോൾ ഡെ ബോർഡിംഗ് പരിശീലനം. | എല്ലാ ദിവസവും രാവിലെയും വൈകീട്ടും അവധി ദിവസങ്ങളിലും 1 വർഷം | കായികാധ്യാപകൻ | പി.ടി.എ.<br>50,000/- |
| | രാവിലെയും വൈകീട്ടും 30 ആൺ കുട്ടികൾക്കും 50 പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാലം | കായികാധ്യാപകൻ | - |

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ | 6 മാസം | ജനപ്രതിനിധികൾ<br>പൂർവ്വവിദ്യാർത്ഥികൾ<br>10,00,000/- |

## ഉപമേഖല : കൗൺസിലിങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ. | • ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>• ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. ഇൻഡിവിഡ്വൽ കൗൺസിലിങ്, ഗ്രൂപ്പ് കൗൺസിലിങ്. | കൗൺസിലിങ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | |

## ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ വാസനകളെ പരിപോഷിപ്പിക്കൽ. | • കുട്ടികളുടെ സർഗ വാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക.<br>• സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിരചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപകർ, എസ്.ആർ.ജി | 2019 ജൂൺ മുതൽ 2 വർഷം | പി.ടി.എ. 1,00,000/- |

## ഉപമേഖല : കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ.<br>• കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളിബോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ. സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | കായികാധ്യാപകൻ | ജൂൺ മുതൽ എല്ലാ ദിവസവും 2 വർഷം | പി.ടി.എ.,<br>ഡേ ബോർഡിംഗ് സ്കീം |

## ഉപമേഖല : സ്വയം പ്രതിരോധശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികളിൽ സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് കരാട്ടേ, തെയ്ക്കോ ാ, കളരി തുടങ്ങിയവയിൽ പരിശീലനം നൽകി സ്വയം പ്രതിരോധത്തിന് ശേഷി വർദ്ധിപ്പിക്കൽ. | കായികാധ്യാപകൻ | ആഴ്ചയിൽ 3 ദിവസം 1 വർഷം | പി.ടി.എ. 20,000/- |

**പ്രതീക്ഷിത നേട്ടങ്ങൾ**

സ്കൂൾ സമഗ്ര വികസന പദ്ധതി മുന്നോട്ടു വച്ച ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നു.

കുട്ടികളുടെ സർഗ്ഗാത്മക ശേഷി കണ്ടെത്തി അവരെ മുന്നോട്ടു കൊണ്ടു വരുന്നു

സമൂഹത്തിന്റെ ഉത്തമ പൗരനാക്കി മാറ്റുന്നു.

ലക്ഷ്യബോധമുള്ളവരാക്കി മാറ്റുന്നു.

കുട്ടികൾ മികവിന്റെ പാതയിലെത്തുന്നു

**മോണിറ്ററിംഗ് രീതി**

പി.ടി.എ. എം.പി.ടി.എ., എസ്.ആർ.ജി. എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.

**ഉപസംഹാരം**

വിദ്യാഭ്യാസ രംഗത്ത് ഒരു വിഭാഗം കുട്ടികളെങ്കിലും ലക്ഷ്യബോധമില്ലാത്തവരായി പഠനത്തോട് ആഭിമുഖ്യമില്ലാത്തവരായിത്തീർന്നിട്ടുണ്ട്. അവരെ ലക്ഷ്യബോധമുള്ളവരാക്കി തീർക്കാനും എല്ലാ കുട്ടികളുടെയും സർഗ്ഗാത്മക ശേഷികൾ കണ്ടെത്തി പരിപോഷിപ്പിച്ച് മികവിലെത്തിക്കാൻ കഴിയുന്ന രീതിയിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ. ജനപ്രതിനിധികൾ എന്നിവരുടെ പിന്തുണയോടെ സമഗ്ര വികസന പദ്ധതി പരിപൂർണ്ണതയിലെത്തിക്കും.